## പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3135

14-03-2018-ൽ മറുപടിയ്ക്ക്

## സെക്രട്ടേറിയറ്റിലെ പഞ്ചിംഗ് സമ്പ്രദായം

**ചോദ്യം**

ശ്രീ.എൻ.ഷംസുദ്ദീൻ

**മറുപടി**

പിണറായി വിജയൻ
(മുഖ്യമന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| (എ) | സെക്രട്ടേറിയറ്റിൽ ജീവനക്കാർക്ക് പഞ്ചിംഗ് നിർബന്ധമാക്കിയിട്ടുണ്ടോ; | എ) | ഉണ്ട് |
| ബി) | എങ്കിൽ ഇതിനുവേണ്ടി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ; | ബി) | ജീവനക്കാർ ഓഫീസിൽ ഹാജരാകുമ്പോഴും, ഓഫീസ് വിടുമ്പോഴും കർശനമായും ബയോമെട്രിക്ക് സംവിധാനം വഴി ഹാജർ രേഖപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനായി അത്യാധുനിക ബയോമെട്രിക്ക് പഞ്ചിംഗ് മെഷീനുകൾ സ്ഥാപിക്കുകയും അറ്റൻഡൻസ് സംവിധാനം നിരീക്ഷിക്കുന്നതിന് അറ്റൻഡൻസ് മോണിറ്ററിംഗ് സെൽ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ടി സംവിധാനം ശമ്പളവിതരണ സോഫ്റ്റ് വെയറായ സ്പാർക്കുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| സി) | പഞ്ചിംഗ് നിർബന്ധമാക്കിയതിനുശേഷം ജീവനക്കാരുടെ ഹാജർ നില ഉയർന്നിട്ടുണ്ടോ വിശദമാക്കുമോ; | സി) | 1/1/2018 മുതൽ സെക്രട്ടേറിയറ്റിൽ ബയോമെട്രിക്ക് പഞ്ചിംഗ് സംവിധാനം കർശനമാക്കിയതിനുശേഷം ഹാജർ നിലയിൽ ഗണ്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്. |
| ഡി) | പഞ്ചിംഗ് നിർബന്ധമാക്കിയ ശേഷം സെക്രട്ടേറിയറ്റിലെ ഫയൽ നീക്കത്തിൽ വർദ്ധന വന്നിട്ടുണ്ടോ; ഇത് സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ; | ഡി) | ഇത് സംബന്ധിച്ച പരിശോധന നടത്തി വരുന്നു. |
| ഇ) | പഞ്ചിംഗ് നിർബന്ധമാക്കിയതുപോലെ ഫയലുകളിൽ അടിയന്തരമായി തീർപ്പുകൽപ്പിക്കുവാനും ഏതെങ്കിലും സംവിധാനം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | ഇ) | വകുപ്പിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിലേയ്ക്കായി ഫയൽ അദാലത്തുകൾ നടത്തി പരമാവധി ഫയലുകൾ തീർപ്പാക്കി വരുന്നു. കെട്ടിക്കിടക്കുന്ന ഫയലുകളിൽ തീരുമാനമുണ്ടാക്കാൻ സെക്രട്ടേറിയറ്റ് ഓഫീസ് |

| | | | |
|---|---|---|---|
| | | | മാന്വലിലെ വ്യവസ്ഥകളും വിവിധ സർക്കാർ നിർദ്ദേശങ്ങളും നിലവിലുണ്ട്. മൂന്നുമാസത്തിലൊരു ദിവസം ഫയൽ അദാലത്തിനായി പ്രത്യേകം നീക്കി വയ്ക്കാനും പഞ്ചദിന ചട്ടം നിർബന്ധമായും പാലിക്കാനുമുള്ള നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യ E-office സംവിധാനത്തിലൂടെ ഏർപ്പെടുത്തി വകുപ്പുകളിൽ ഫയൽ നീക്കം ത്വരിതഗതിയിലാക്കി വരുന്നു. ലിങ്ക് ഓഫീസർ സിസ്റ്റം നടപ്പി ലാക്കിയതും ഫയൽ നീക്കം ത്വരിതപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിനും ഫയലുകൾ തീർപ്പ് കൽപ്പിക്കുന്നതിനും സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ